**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 646** — **28-06-2022 - ൽ മറുപടിയ്ക്ക്**

**മഴവന്നൂർ പഞ്ചായത്തിലെ വൈദ്യുതി ക്ഷാമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കുന്നത്തുനാട് മണ്ഡലത്തിലെ മഴവന്നൂർ പഞ്ചായത്തിലെ വളയൻചിറങ്ങര ഇലക്ട്രിക്കൽ സെക്ഷന്റെ കീഴിലുള്ള പാലത്താലി ഭാഗത്തെ വൈദ്യുത തടസ്സം പരിഹരിക്കുന്നതിനുള്ള നടപടികൾ 2022-23 വർഷത്തെ ആർ.ഡി.എസ്.എസ്. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | വളയൻചിറങ്ങര ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിലെ പാലത്താലി ഭാഗത്തെ വൈദ്യുത തടസ്സം പരിഹരിക്കുന്നതിനുള്ള പദ്ധതികൾ 2022-2023 –ലെ ആർ.ഡി.എസ്.എസ്-ൽ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ പാലത്താലി ഭാഗത്തെ വൈദ്യുത തടസ്സം പരിഹരിക്കുന്നതിനായി നിലവിലെ 11 കെ.വി ലൈൻ റീ-റൂട്ട് ചെയ്ത് കണ്ടക്ടറുകൾ മാറ്റി എ.ബി.സി വലിക്കുന്ന 44,56,685/- രൂപയുടെ ജോലി 2022-23 വർഷത്തെ ദ്യുതി 2 പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2022-23 വർഷത്തിൽ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് അറിയിക്കാമോ ? | (ബി) | പദ്ധതിയിലെ ആദ്യഘട്ടമായി പോസ്റ്റുകൾ സ്ഥാപിച്ചുകഴിഞ്ഞിട്ടുണ്ട്. എ.ബി.സി വലിക്കു-ന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ തന്നെ പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ